**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1169** **10-08-2023 - ൽ മറുപടിയ്ക്ക്**

**കോട്ടൂർ ഗ്രാമപഞ്ചായത്തിലെ വേട്ടുണ്ടുമല റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിൽ കോട്ടൂർ ഗ്രാമപഞ്ചായത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രധാന പൈപ്പ് ലൈൻ കടന്നുപോവുന്ന വേട്ടുണ്ടുമല റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; | (എ) | പെരുവണ്ണാമുഴി WTP യിൽ നിന്നും കോഴിക്കോട് കോർപ്പറേഷനിലും അനുബന്ധ13 പഞ്ചായത്തുകളിലേക്കും ജലമെത്തിക്കുന്ന പ്രധാന പൈപ്പ് ലൈൻ ഇതിലൂടെ കടന്ന് പോകുന്നതിനാൽ പൈപ്പ് ലൈൻ സ്ഥാപിച്ച സ്ഥലം ഒഴിവാക്കി 4 മീറ്റർ റോഡിനായി പൈപ്പിന്റെ അറ്റകുറ്റപ്പണിക്ക് തടസ്സം വരാത്ത രീതിയിൽ അനുമതി നല്കുന്നതിലേക്കുള്ള റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർ (ഉത്തരമേഖല) കാര്യാലയത്തിൽ പരിശോധനയിലാണ്. |
| (ബി) | പൈപ്പ് ലൈനിന് യാതൊരു കേടും കൂടാതെ ഗ്രാമപഞ്ചായത്ത് പ്രസ്തുത റോഡ് നവീകരിക്കുന്നതിൽ തടസ്സമെന്താണ്; ഇതിന് അനുമതി നൽകുന്ന നടപടി വേഗത്തിലാക്കാമോ; വിശദമാക്കുമോ; | (ബി) | നിലവിൽ തടസ്സങ്ങൾ ഇല്ല. അനുമതിക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| (സി) | അനുമതിക്കായി ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ? | (സി) | അനുമതിക്കായി പഞ്ചായത്ത് സമർപ്പിച്ച അപേക്ഷ കേരള വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയറുടെ (ഉത്തരമേഖല) കാര്യാലയത്തിൽ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ